പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2434 **27-10-2026-ൽ മറുപടിയ്ക്ക്**

പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട പരിസ്ഥിതി ലോല മേഖല

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) പശ്ചിമഘട്ട പരിസ്ഥിതി ലോല പ്രദേശങ്ങൾ (ഇ.എസ്.എ) സംബന്ധിച്ച് കേന്ദ്രം പുറപ്പെടുവിച്ച പുതിയ കരട് വിജ്ഞാപനത്തിൽ കേരളത്തിലെ എത്ര വില്ലേജുകളാണ് ഉൾപ്പെട്ടിട്ടുള്ളത്; വില്ലേജുകളുടെ താലൂക്ക്/ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; കരട് വിജ്ഞാപനത്തിന്മേൽ കേരളം സർക്കാർ സമർപ്പിച്ചിട്ടുള്ള അന്തിമ നിർദ്ദേശങ്ങളും ഭേദഗതികളും എന്തൊക്കെയാണ്;

മറുപടി: 27.07.2026-ലെ കരട് വിജ്ഞാപനത്തിൽ കേരളത്തിലെ 131 വില്ലേജുകളാണ് ഉൾപ്പെട്ടിരിക്കുന്നത്. വില്ലേജുകളുടെ താലൂക്ക്/ ജില്ല തിരിച്ചുള്ള വിവരങ്ങൾ കരട് വിജ്ഞാപനത്തിൽ ലഭ്യമാണ്. സംസ്ഥാന സർക്കാർ സമർപ്പിച്ച പരിഷ്കരിച്ച നിർദ്ദേശത്തിൽ, ജനവാസമേഖലകൾ, കൃഷിയിടങ്ങൾ, തോട്ടങ്ങൾ, ഒറ്റപ്പെട്ട വനപ്രദേശങ്ങൾ തുടങ്ങിയവ ഇ.എസ്.എ പരിധിൽ നിന്നും പൂർണ്ണമായും ഒഴിവാക്കണമെന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. 33 വില്ലേജുകളെ പൂർണ്ണമായും ഇ.എസ്.എ പരിധിയിൽ നിന്ന് ഒഴിവാക്കി, 98 വില്ലേജുകളിലായി 8,590.69 ച.കി.മീ. പ്രദേശമാണ് ഇ.എസ്.എ യായി ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുള്ളത്. ഈ നിർദ്ദേശം ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ പരിഗണയിലാണ്.

(ബി) ജനവാസ മേഖലകൾ, കൃഷിഭൂമി, തോട്ടം മേഖലകൾ എന്നിവയെ ഇഎസ്എ പരിധിയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കണമെന്ന മുൻ സർക്കാരിന്റെ ആവശ്യം കേന്ദ്രം അംഗീകരിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; മുൻ സർക്കാർ നടത്തിയ റീ-ഗ്രൗണ്ട് ട്രൂത്തിംഗ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഒഴിവാക്കാൻ നിർദ്ദേശിച്ച ജനവാസ മേഖലകളുടെ വിസ്തൃതി എത്രയാണ്;

മറുപടി: ജനവാസ മേഖലകൾ, കൃഷിഭൂമി, തോട്ടങ്ങൾ എന്നിവയെ ഇഎസ്എ പരിധി യിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. പശ്ചിമഘട്ട ഇ.എസ്.എ. കരട് വിജ്ഞാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും ജനവാസമേഖലകൾ, കൃഷിയിടങ്ങൾ, തോട്ടങ്ങൾ, എന്നിവയ്ക്ക് അനാവശ്യ നിയന്ത്രണങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനുമായി പരിഷ്കരിച്ച നിർദ്ദേശം കേന്ദ്ര സർക്കാരിന് 24.09.2026-ന് സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ട്. പരിഷ്കരിച്ച നിർദ്ദേശത്തിൽ, ജനവാസ മേഖലകൾ, കൃഷിയിടങ്ങൾ, തോട്ടങ്ങൾ തുടങ്ങിയവ ESA -യിൽ നിന്നും പൂർണ്ണമായും ഒഴിവാക്കണമന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഒറ്റപ്പെട്ട വനപ്രദേശങ്ങളും മറ്റും ഒഴിവാക്കിയതിനാൽ, ജനവാസ മേഖലകളുടെ

കൃത്യമായ വിസ്തൃതി വേർതിരിച്ച് ലഭ്യമല്ല. ഈ ആവശ്യം കേരള നിയമ സഭ ഒറ്റക്കെട്ടായി പ്രമേയത്തിലൂടെ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(സി) ഇഎസ്എ വിജ്ഞാപനം അന്തിമമായാൽ മലയോര മേഖലയിലെ കർഷകർ, ചെറുകിട വ്യാപാരികൾ, നിർമ്മാണ മേഖല എന്നിവർക്ക് ഉണ്ടാകാനിടയുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത നിയന്ത്രണങ്ങൾ മലയോര മേഖലയുടെ വികസനത്തെ എങ്ങനെയെല്ലാം ബാധിക്കുമെന്നാണ് വിലയിരുത്തുന്നത്;

മറുപടി: ജനവാസ മേഖലകൾ കൃഷി ഭൂമികൾ, തോട്ടങ്ങൾ എന്നിവ പൂർണ്ണമായും ഇ.എസ്. എ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ഒഴിവാക്കപ്പെടുന്ന പക്ഷം നമ്മുടെ വികസന ആവശ്യങ്ങൾക്ക് തടസ്സങ്ങൾ ഉണ്ടാകുന്നതല്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും വിവിധ സംഘടനകളുടെയും ആവശ്യങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചും പരിഗണിച്ചുമാണ് സംസ്ഥാന സർക്കാർ നിർദ്ദേശങ്ങൾ സമർപ്പിട്ടുള്ളത്.

(ഡി) ഇഎസ്എ വിജ്ഞാപനവുമായി ബന്ധപ്പെട്ട് മലയോര മേഖലയിലെ ജനങ്ങൾക്കും കർഷക സംഘടനകൾക്കുമുള്ള ആശങ്കകൾ പരിഹരിക്കാൻ തദ്ദേശ സ്വയംഭരണ-ജില്ലാ തലങ്ങളിൽ പ്രത്യേക പരാതി പരിഹാര സെല്ലുകൾ രൂപീകരിച്ചിട്ടുണ്ടോ; നിർദ്ദിഷ്ട മേഖലകളിലെ തദ്ദേശ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും അഭിപ്രായങ്ങൾ ശേഖരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഇ) സംരക്ഷിത വനമേഖലകൾക്ക് ചുറ്റും ഒരു കിലോമീറ്റർ ബഫർ സോൺ (ഇക്കോ സെൻസിറ്റീവ് സോൺ) നിർബന്ധമാക്കിയ വിധിയുമായി ബന്ധപ്പെട്ട് ഇ.എസ്.എ വിജ്ഞാപനം വരുന്നതോടെ ഉണ്ടാകുന്ന നിയമപരമായ വൈരുദ്ധ്യങ്ങൾ പരിഹരിക്കാൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തുന്നത്;

മറുപടി: സംരക്ഷിത വനമേഖലകൾക്ക് ചുറ്റുമുള്ള പരിസ്ഥിതി ലോല പ്രദേശം സംബന്ധിച്ച് ESZ തുടർ നടപടികളും ഇ. എസ്. എ നിർണ്ണയവും വ്യത്യസ്തമായ വിഷയങ്ങളാണ്. ESZ മായി ബന്ധപ്പെട്ട നടപടികൾ വനം വന്യ ജീവി വകുപ്പാണ് സ്വീകരിക്കേണ്ടത്. ഇ. എസ്. എ പരിസ്ഥിതി വകുപ്പിന്റെ കീഴിലാണ്.

(എഫ്) സംസ്ഥാന സർക്കാർ നൽകിയ മറുപടിയിൽ സി എച്ച് ആർ (കാർഡമം ഹിൽ റിസർവ്) സംബന്ധിച്ച് വിശദീകരണത്തിൽ ടി പ്രദേശം മുൻപ് റിസർവ് വനമാണ് എന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ?

മറുപടി: സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച നിദ്ദേശത്തിൽ സി എച്ച് ആർ (കാർഡമം ഹിൽ റിസർവ്) പ്രദേശം മുൻപ് റിസർവ് വനമാണ് എന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ പരിഷ്കരിച്ച ഇ.എസ്.എ നിർദ്ദേശത്തിൽ സി എച്ച് ആർ-ന്റെ നിലവിലുള്ള പ്രത്യേക നിയമ/ഭരണ ചട്ടക്കൂട്, അവിടത്തെ തോട്ടം, ജനവാസ മേഖലകളുടെ സ്വഭാവം എന്നിവ പരിഗണിച്ച് ഇ.എസ്.എ പരിധിയിൽ നിന്ന് ഒഴിവാക്കണമെന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ